

# വസന്തം


ലിറ്റിൽ കൈറ്റ്സ് ഇ – മാഗസിൻ 2018 – 19


സെന്റ്. അഗസ്റ്റിൻസ് ഹൈസ്കൂൾ
നെല്ലിക്കുറ്റി

# അകത്താളം

## പേജുകളിലൂടെ

ചരിത്രം- നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ.....5
കവിത.....6
കഥ.....7
കവിത.....8
വഴിവിളക്കുകൾ ഇല്ലാതാകുമ്പോൾ- ലേഖനം.....9
ഗോൾഡ് ഫിഷ്.....12
കവിത- ഇംഗ്ലീഷ്.....13
Ode to the Chocolate.....13
ജീവിതം.....14
യൂത്ത് പാർലമെന്റ്.....15
പ്രവേശനോത്സവം- വിജയോത്സവം.....16
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്.....16
ദുരിതാശ്വാസം.....17
ഹൈടെക് സ്കൂൾ പദ്ധതി ഉദ്ഘാടനം.....17
കുരുന്നുസൃഷ്ടികൾ.....18
ക്യാമറക്കണ്ണുകളിലൂടെ.....19



# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ

ശ്രീമതി. മേഴ്സി തോമസ്
ഹെഡ്മിസ്ട്രസ്
സെന്റ്. അഗസ്റ്റിൻസ് ഹൈസ്ക്കൾ നെല്ലിക്കുറ്റി
ഫോൺ: 04602264503
E– mail: nellikuttyhs@gmail.com



## സബ് എഡിറ്റേഴ്സ്

ശ്രീ. ജോയ്സ് സഖറിയാസ്
HST Mathematics
St. Augustine HS Nellikutty
Ph: 9656519645

ശ്രീമതി. മജി മാത്യു
HST Physical Science
St. Augustine HS Nellikutty
Ph: 8547595748

## സ്റ്റുഡന്റ് എഡിറ്റേഴ്സ്

മാസ്റ്റർ ജോർജ് സി. എം
കുമാരി അബിന മേരി ബിനോയി
കുമാരി അശ്വതി ദിലീപ്
മാസ്റ്റർ ഡോൺ സ്കറിയ റോബി
മാസ്റ്റർ എബിൻ ഷാജി



## ഡിസൈൻ & ലേ ഔട്ട്

കുമാരി നന്ദന ബിജു
മാസ്റ്റർ ജെറിൻ ജോയി

**Published on 18-01-2019**

**പ്രസിദ്ധീകരണം:** ലിറ്റിൽ കൈറ്റ്സ് സെന്റ്. അഗസ്റ്റിൻസ് ഹൈസ്ക്കൾ നെല്ലിക്കുറ്റി





# എഡിറ്റോറിയൽ

നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിനെ സംബന്ധിച്ചിടത്തോളം ഒരു പുതു 'വസന്ത'മായാണ് ലിറ്റിൽ കൈറ്റ്സിന്റെ ഇ മാസികയായ "വസന്തം" വന്നെത്തുന്നത്. കുറഞ്ഞ കാലം കൊണ്ട് ഇത്തരമൊരു മാസിക അണിയിച്ചൊരുക്കിയ അവരെ അഭിനന്ദിക്കുന്നു.തുടക്കത്തിന്റെ പതർച്ചകളൊന്നുമില്ലാതെ നമ്മുടെ കുട്ടികൾ ചമച്ച മനോഹരമായ ഒരു അക്ഷര വിരുന്നാണ് വസന്തം. കൊച്ചു കൂട്ടുകാരുടെ കഥകളും കവിതകളും ലേഖനങ്ങളും ചിത്രങ്ങളും കൊണ്ട് സമ്പന്നമായ ഈ മാസികയുടെ ലേ ഔട്ടും എഡിറ്റിങ്ങും വളരെ ഭംഗിയായി ചെയ്തിരിക്കുന്നു. നമ്മുടെ ലിറ്റിൽ കൈറ്റ്സിന്റെ സാങ്കേതിക ജ്ഞാനത്തെ അഭിനന്ദിക്കുന്നു.ഇനിയും എഴുതി, വരച്ച് മിടുക്കരായി നാടിനും വീടിനും താങ്ങാവുന്ന നല്ല പൗരന്മാരായി വളരാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായകരമാവട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം
മേഴ്സി തോമസ്
ഹെഡ്മിസ്ട്രസ്, സെന്റ്. അഗസ്റ്റിൻസ് ഹൈസ്ക്കൂൾ നെല്ലിക്കുറ്റി




# ചരിത്രം– നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്ക്കൂൾ

രണ്ടാം ലോകമഹായുദ്ധം ലോകമെങ്ങും ദുരന്തങ്ങൾ വിതറിയതിന്റെ ഫലമായിമധ്യതിരുവിതാംകൂറിലെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയരംഗങ്ങളിൽ വന്ന മാറ്റം ജന ജീവിതം ദുസ്സഹമാക്കിയപ്പോൾ ഇനിയെന്തെന്ന് ചോദ്യത്തിന്റെഉത്തരം തേടി മധ്യ തിരു-വിതാംകൂറിൽ നിന്ന് മലബാർ എന്ന കാനാൻ ദേശത്തേക്ക്പ്രയാണം ചെയ്ത ഒരുപറ്റം ജനങ്ങളുടെ ആവാസ കേന്ദ്രമായി .പശ്ചിമഘട്ട മലനിരകളുടെ താഴ്വാരത്ത് മധ്യതിരുവിതാംകൂറിൽനിന്ന് ജീവിതം തേടിവന്ന കുടിയേറ്റജനത കാട്നാടാക്കികനകംവിളയിക്കുമ്പോഴുംതങ്ങളുടെപിഞ്ചോമനകളുടെഭാവിയെക്കുറിച്ചുള്ള ഉത്ക്കണ്ഠനിറഞ്ഞുനിന്നു.

ജന്മനാളിൽതേനുംവയമ്പുംനല്കിയപൊന്നോമനകൾക്ക്റിവിന്റെ തിരിനാളംതെളിയിക്കാനായി ഒരുജനതയുടെ കൂട്ടായ അധ്വാനവും സംഘബലവും,വി. അഗസ്തിനോസിന്റെ അനുഗ്രഹവർഷവുംവിദ്യാദേവതയുടെ കടാക്ഷവും ആയപ്പോൾ ഔപചാരിക വിദ്യാഭ്യാസത്തിന് തിരിതെളിഞ്ഞു.

വിജ്ഞാനദാഹികളായ മണ്ണിന്റെ മക്കളുടെസ്വപ്നസാക്ഷാത്ക്കാരമായിനെല്ലിക്കുറ്റി ഇടവകയുടെ സ്വന്തം മാനേജുമെന്റിന്റെ കീഴിൽ 1983-ജൂൺ 15-ന് സെന്റ് അഗസ്ററിൻസ് ഹൈസ്കൂളിന്റെ ശ്രീകോവിലിൽ അക്ഷര ദീപം തെളിഞ്ഞത് ചരിത്ര മുഹൂർത്തമായി. മലയേരമേഖലയിലെ പിന്നോക്കം നില്ക്കുന്ന പ്രദേശമാണ് നെല്ലിക്കുറ്റി പഠനത്തിനായികോട്ടക്കുന്ന,ഏറ്റുപാറ,അരീക്കാമല,മിഡിലാക്കയ,പൂപ്പറമ്പ,വെമ്പുവപ്രദേശങ്ങൾവിദ്യനേടാനായിനെല്ലിക്കുറ്റിയെയാണ്ആശ്രയിച്ചത്. സാമ്പത്തികമായിപിന്നോക്കം നില്ക്കുന്ന കുട്ടികൾ പഠിക്കുന്ന സ്ഥാപനമാണിത്.

അച്ചടക്കത്തിനും,മൂല്യബോധത്തിനും,സാംസ്കാരികവളർച്ചക്കും,സർഗാത്മകതക്കും ഉന്നതപരീക്ഷാവിജയത്തിനും,കലാകായിക നേട്ടങ്ങൾക്കും പ്രധാന്യം നല്കുന്ന ബോധനരീതികളുംപാഠനപാഠ്യേതരപ്രവർത്തനങ്ങളുമാണ്നാളിതുവരെസ്വീകരിച്ചുപോന്നത്.



കവിത


## പൂമ്പാറ്റ

സൂര്യൻ ഉദിക്കും നേരത്ത്
ചുവന്ന പൊട്ടും തൊട്ടിട്ട്
പൂക്കൾ തോറും പാറി
നടക്കും എൻ സുന്ദരി പൂമ്പാറ്റ
മഞ്ഞ് മൂടും കാലത്ത്



പൂക്കൾ ചിരിക്കും നേരത്ത്
തേൻ നുകരാൻ പോകുന്നോ?
എൻ സുന്ദരി പൂമ്പാറ്റേ
മാനത്തിന്റെ കുടക്കീഴിൽ
പാറി നടക്കുന്ന പൂമ്പാറ്റേ
തേൻ നുകരാൻ പോകുന്നോ?

കുമാരി ആർഷ ലിറ്റിൽ തെരേസ– 8 എ



## കാറ്റ്

ഗർജിച്ച പായുന്ന കാറ്റിന്റെ–
യുള്ളിലെ ഗദ്ഗദമാർക്കറിയാം.
കടലിൽ മുങ്ങുന്ന സൂര്യന്റെ
യൗവന കാന്തിയുമാർക്കറിയാം.
കാറ്റിന്റെ താളത്തിലാടുന്ന
ചെടികൾ തൻ മൃദുല കാന്തിയുമാർക്കറിയാം.
ഇളം കാറ്റിൽ താലോലമാടുന്ന
പൂക്കൾ തൻ സുഗന്ധലാവണ്യമാർക്കറിയാം.

കുമാരി ആഷ്മി അനീഷ് 8 എ

## കഥ

### ദാരിദ്ര്യം



അയാൾ നടക്കുകയാണ്. മണ്ണിട്ട വഴിയിലൂടെ അയാൾ നനുത്ത പാദങ്ങൾ പെറുക്കി വെച്ച് നടക്കുകയാണ്.അയാളുടെ മനസ്സിലേക്ക് ആയിരമായിരം ചിന്തകൾ കടന്നു വന്നു. വീട്ടിൽ ദാരിദ്രമാണ്. എല്ലം തോല്യമായ ഭാര്യ. ഒരുമണ അരി പോലുമില്ലെങ്കിലും മക്കളെ കാണിക്കുവാനായി പാത്രത്തിൽ തവിയിട്ടിളക്കികൊണ്ടിരിക്കുകയാണ്.ഈ സംഭവഹ്ങളെല്ലാം അയാളുടെ മനസ്സിലൂടെ കടന്നു പോയി.അയാളുടെ ചെരുപ്പിടാത്ത പാദങ്ങൾ എത്ര ദൂരം സഞ്ചരിച്ചുവെന്ന് അയാൾക്കറിയില്ല. പച്ചപ്പണിഞ്ഞ വയലുകളും തോട്ടുകളും നദികളും ഒന്നും അയാളുടെ ശ്രദ്ധ ആകർഷിച്ചില്ല. എങ്ങനെയെങ്കിലും ജോലി കണ്ടെത്തണം എന്നാണ് അയാളുടെ മനസ്സ നിറയെ-വഴിയിൽ കണ്ട ഇരുനില കെട്ടിടങ്ങളുടെയും ഗൃഹങ്ങളുടെയും വാതിലുകൾ അയാൾക്കു മുന്നിൽ കൊട്ടിയടക്കപ്പെട്ടു. ദുഃഖവിവശനായി നടന്നുനീങ്ങിയ അയാൾ ഒരു ഇരുനില കെട്ടിടം കണ്ടു.മുറ്റത്ത് കണ്ട കാറും വാഹനങ്ങളും അയാളുടെ ശ്രദ്ധ ആകർഷിച്ചു. അങ്ങോട്ട് കയറിച്ചെന്ന അയാളെ വരവേറ്റത് ഒരു പട്ടിയായിരുന്നു. അതിവേഗത്തിൽ ഒടിയെങ്കിലും പട്ടിയുടെ പിടിയിൽപ്പെട്ട് അയാൾ വികൃതനായി. എന്നിട്ടും ആ നായ കടി നിർത്തിയില്ല. അയാൾ ചെന്നു വീണത് ഓടയിലേക്കായിരുന്നു. ആ സമയത്ത് നായ ഓടി പേവുകയും ചെയ്തു. ഓടയിൽ കിടന്നുള്ള അയാളുടെ ദീനരോധനം ആരും കേട്ടില്ല. വന്നവർ വന്നവർ അയാളുടെ ഫോട്ടോയെടുത്ത് മികച്ച അടിക്കുറപ്പുകളിട്ട ഷെയർ ചെയ്യുന്ന തിരക്കിലായിരുന്നു.ആ തിരക്കിൽ ആരും അയാളെ ഗൗനിച്ചില്ല. ഏതാനും സെക്കന്റുകൾക്ക് ശേഷം അയാളുടെ കുടുംബം അനാഥമായി.

അലീന ബെന്നി-8 എ

---





**പഴംചൊല്ലുകൾ**

- അരണ കടിച്ചാൽ ഉടനെ മരണം
- അരിമണിയൊന്ന് കൊറിക്കാനില്ല, കരിവളയിട്ട് കില്ലുക്കാൻ മോഹം.
- അരിയും തിന്നു ആശാരിച്ചിയേം കടിച്ചിട്ട് പിന്നേം നായയ്ക്ക് മുറുമുറുപ്പ്.
- ചെയ്യാവുന്ന ദ്രോഹങ്ങളെല്ലാം ചെയ്തുശേഷവും അടങ്ങാൻ ഭാവമില്ല എന്ന നിലപാട്.
- അന്നത്തിന്റെ ബലവും ആയുസ്സിന്റെ ശക്തിയും ഉണ്ടെങ്കിൽ മന്നത്താലിങ്കൽകാണാം
- അരചനെ കൊതിച്ച പുരുഷനെ വെടിഞ്ഞവൾക്ക് അരചനും ഇല്ല പുരുഷനുമില്ല
- അരണ കടിച്ചാൽ ഉടനെ മരണം
- അടിവഴുതിയാൽ ആനയും വീഴും

➢ അക്കര മാവിലൊൻ കെണിവെച്ചിട്ടു എന്നൊടൊ ക്രൂരാ കണ്ണമിഴിക്കുന്നു

## കവിത



### അമ്മ

അമ്മയുടെ ചൂടിനപ്പുറത്ത്
മറ്റൊരു ലോകം ഇതൾ വിരിയുന്നു
ആരുമറിയാതിരിക്കട്ടെ
ഈ മരു ലോകമെന്നു
കരുതുമ്പോഴും ..... കൂടുതൽ
പാഴ്ജന്മങ്ങൾ
ഇവിടെ പുഴുക്കളെ പോലെ.....
ആരും ആർക്കും സ്നേഹം
വിളമ്പാത്ത മറ്റൊരു മായാലോകം.

കുമാരി വിദ്യ- 9 ബി

### ഓർക്കാൻ ഓർമ്മിക്കാൻ

സ്കൂൾ വാർഷികം ജനുവരി 31
10-ാം ക്ലാസ്സ് ഐ.റ്റി മോഡൽ പരീക്ഷ
ഫെബ്രുവരി 4
10-ാം ക്ലാസ്സ് മോഡൽ പരീക്ഷ ഫെബ്രുവരി 19
SSLC പരീക്ഷ മാർച്ച് 13

## വഴിവിളക്കുകൾ ഇല്ലാതാകുമ്പോൾ– ലേഖനം



വഴികാട്ടുവാൻ വഴിവിളക്കുകളും വഴി തെളിക്കുവാൻ വഴികാട്ടികളും ഇല്ലാത്ത ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.'മുതിർന്നവരെ കണ്ടു പഠിക്ക്' എന്ന പഴമോഴിയൊക്കെ കാലഹരണപ്പെട്ടു....മുതിർന്നവർ കുട്ടികളെ കണ്ടു പഠിക്കട്ടെ എന്ന പുതുമോഴിയും പുതു ജീവിത ശൈലിയും നാമറിയാതെ തന്നെ സമൂഹത്തിൻറെ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു. പ്രായത്തിനും അനുഭവ ജ്ഞാനത്തിനും അതുല്യമായ വില കൽപ്പിച്ചിരുന്ന നമ്മുടെ സമൂഹം ഇന്ന് പക്വതയെത്താത്ത കുട്ടികൾ പറയുന്നതിനു കാതോർക്കുന്നു; ചെയ്യുന്നതിനെ മഹത്വവൽക്കരിക്കുന്നു. ഏതു കൊള്ളരുതായ്മക്കും ഒരു പുകമറയായി 'ന്യൂ ജെനറേഷൻ' എന്ന ഓമനപ്പേരിട്ട് വിളിക്കുന്നു !! ഇത് ഒരുതരം ഒളിച്ചോട്ടമാണ്,നമ്മുടെ അറിവില്ലായ്മയുടെ അപാരമായ ആഴമറിഞ്ഞപ്പോഴുള്ള തന്ത്രപരമായ പിന്മാറ്റം...ഇത് വ്യക്തികളിലും, കുടുംബങ്ങളിലും, സ്ഥാപനങ്ങളിലും മാത്രമല്ലാ, സമൂഹത്തിൻറെ പൊതുവായ സമീപനത്തിലും വന്നുകഴിഞ്ഞ ആശ്വാസ്യമല്ലാത്ത ഒരു പ്രവണതയാണ്..




### കാലഘട്ടത്തിൻറെ ചുമരെഴുത്തുകൾ വായിക്കുക...

ഡിജിറ്റൽ യുഗമാണിത്. ആരുടേയും കണ്ണു മഞ്ഞളിപ്പിക്കുന്ന ഡിജിറ്റൽപ്രിൻററുകളും, ഡിജിറ്റൽ ക്യാമറകളും, ഡിജിറ്റൽ ടിവി സ്ക്രീനുകളും ,സ്മാർട്ട് ബോർഡുകളും പിന്നെ വിരൽത്തുമ്പിലെ വിസ്മയമായി സ്മാർട്ട് ഫോണുകളും ! പഴയതിനെ വലിച്ചെറിഞ്ഞിട്ട് മാസാമാസം ഇറങ്ങുന്ന പുതിയ മോഡലുകൾ വാങ്ങുക എന്നത് ആവേശവും അഭിനിവേശവുമായി കൊണ്ടുനടക്കുന്ന ഒരു തലമുറ വളർന്നു വരുന്നു എന്നതാണ് ഏറെ ശ്രദ്ധേയം. ഈ വലിച്ചെറിയൽ വലിയൊരു തകർച്ചയാണ്; കാലാകാലം നമ്മൾ കൊണ്ടുനടന്ന സംസ്കാരത്തിൻറെ , മൂല്യങ്ങളുടെ, അലിഖിത പ്രമാണങ്ങളുടെ , പിന്നെ നാം പോറ്റിവളർത്തിയ മാനവികതയുടെയും മനുഷ്യത്വത്തിൻറെയും

!
വിജ്ഞാന മേഖലകൾ ഇന്ന് പുസ്തകം, പത്രം, ടിവി മാധ്യമങ്ങൾ,അധ്യാപകർ എന്നിവയിൽ നിന്നു 'ഇൻറർനെറ്റ്' എന്ന ഒറ്റ സംവിധാനത്തിലേക്ക് ചുരുങ്ങി. മറ്റെവിടെനിന്നും ലഭിക്കുന്നതിനേക്കാൾ വേഗത്തിലും വ്യക്തതയിലും ആകർഷണീയ മായും ലഭിക്കുമ്പോൾ പുതുതലമുറ അവയെ ആശ്ലേഷിക്കുന്നു.അവർ ജനിച്ചപ്പോൾ മുതൽ ടിവി കാണുന്നു, സ്മാർട്ട് ഫോണുകൾ ഉപയോഗിക്കുന്നു, ഇന്റർനെറ്റ് ആസ്വദിക്കുന്നു...ജീവിതത്തിൻറെ 80% ഉം ഈ സൗകര്യങ്ങളൊക്കെ സ്വന്തം വീട്ടിൽ ഒരുക്കുവാനായി അഹോരാത്രം പാടുപെടുന്ന 'ഓൾഡ് ജനറേഷന്' പുതിയ സംവിധാനങ്ങളെക്കുറിച്ച് ഒന്നുമറിയില്ല; അതിനുള്ള 'സ്കിൽ' ഇല്ല..! അപ്പോൾ കൊച്ചുമക്കൾ പറയുന്നത് കേൾക്കേണ്ടിവരും, അനുസരിക്കേണ്ടിവരും...എന്തു ചെയ്യാനാ കാലം ഇങ്ങനെയൊക്കെ യാണ് എന്നു പരിതപിച്ച് കഴിഞ്ഞു കൂടുകയാൻ നാം. എന്നാൽ അവർക്ക് മുമ്പിൽ, അവരുടെ സ്കില്ലിനു മുമ്പിൽ നാം അടിയറ വക്കുന്നത് നമ്മുടെ പരമ്പരാഗത മൂല്യങ്ങളാണ്, നാം നട്ടുനനച്ച് പോറ്റിവളർത്തിയ സംസ്കാരമാണ്.!

**പൊട്ടിത്തകരുന്ന കുടുംബം ഒരു "ഡിജിറ്റൽ വിസ്മയം"**

21 ->0 നൂറ്റാണ്ടിൻറെ സുഖശീതളിമയും സുഖലോലുപതയും ആവശ്യതിലതികം അനുഭവിച്ചു കൊണ്ടിരിക്കുന്ന നമുക്ക് കുടുംബം എന്ന ആശയവും അതിൻറെ പവിത്രതയും അത്ര വലിയ ആഘോഷമോന്നുമല്ലാതായിരിക്കുന്നു എന്നത് ഒരു യാതാർത്ഥ്യമാണ്. ആധുനിക കുടുംബ ബന്ധങ്ങളൊക്കെ ഇന്ന് വെറും കരാറുകളാണ്. ആര് കരാർ ലംഘിക്കുന്നോ അവർ വേലിക്കു പുറത്ത്. സമയക്കുറവ് ഇന്നത്തെ ജീവിതത്തിൻറെ മുഖമാകെ മാറിയിരിക്കുന്നു. ആർക്കും ഒന്നിനും സമയമില്ല. പ്രാർഥിക്കാൻ, സംസാരിക്കാൻ, വായിക്കാൻ, പങ്കുവക്കാൻ, ഒന്നിച്ചു ഭക്ഷിക്കാൻ ഇങ്ങനെ പ്രധാനപ്പെട്ടതിനോന്നും സമയമില്ലാതെ മറ്റു പലതുമാണ് പ്രധാനം എന്നു കരുതി എങ്ങോട്ടോ ഓടിക്കൊണ്ടിരിക്കുകയാണ് നമ്മൾ.

നമുക്ക് ദൈവം തന്ന മനോഹരമായ, മനോഹരമാക്കേണ്ട ഈ ജീവിതം ജീവിക്കുന്നുണ്ടോ നമ്മൾ? അറിവ് ഉറക്കാത്ത ബാല്യത്തിനു ശേഷം ഒരു ശരാശരി മലയാളി 25 വയസ്സ് വരെ പഠനമാണ്.അതുകഴിഞ്ഞാലോ ജോലി അന്വേഷിച്ചുള്ള നെട്ടോട്ടം.ഒരു ജോലിയായാൽ പിന്നെ കല്യാണക്കാര്യമായി.മനസ്സിനിണങ്ങിയാലും ഇല്ലെങ്കിലും കമ്പോളത്തി ൻറെ മൂല്യത്തിനൊത്ത ഒരാളെ കണ്ടെത്തിയാലും തീരില്ല കഷ്ട്ടപ്പാട്. കുഞ്ഞുങ്ങളായി പ്രാരാബ്ധമായി. പിന്നെ അവരുടെ പഠനം ജോലി കല്യാണം കൊച്ചുമക്കളുടെ പരിപാലനം അങ്ങനെ ഒരു റോളുകൾ എത്രയെത്ര.... ഇതിലേതെങ്കിലും ഒരു റോള് ആത്മാർഥമായി, ആസ്വദിച്ച


ജീവിക്കാൻ എത്ര പേർക്ക് കഴിയുന്നുണ്ട് എന്നതാണ് പ്രശ്നം. പണം മാത്രമാണോ ഇവിടെ വിലങ്ങുതടി? അല്ല, നമ്മുടെ ചിറകുകളില്ലാത്ത സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാനുള്ള പണം കണ്ടെത്താനുള്ള തത്രപ്പാടിലാണ് ജീവിക്കാൻ മറന്നുകൊണ്ടുള്ള ഈ നെട്ടോട്ടം.


സ്ഥലങ്ങൾ തമ്മിലുള്ള ദൂരം കുറഞ്ഞപ്പോൾ മനസുകൾ തമ്മിലുള്ള ദൂരം കൂടി. അയൽപക്ക ബന്ധങ്ങളില്ല, നല്ല സൌഹൃദങ്ങളില്ല. ആയിരക്കണക്കിന് സുഹൃത്തുക്കൾ ഫേസ് ബുക്കിലുണ്ട്; പക്ഷെ ഒരു ആത്മാർത്ഥ സുഹൃത്തുപോലുമില്ലാതെ ആത്മഹത്യ ചെയ്യുന്ന വരുടെ നാടാണ് നമ്മുടേത്... മുതിർന്നവരെ ബഹുമാനിക്കുക, അവർ വരുമ്പോൾ എണീക്കുക , മുണ്ട് അഴിച്ചിടുക, ,മുതിർന്നവരുടെ കാലുകളിൽ ചവിട്ടാതിരിക്കുക, അറിയാതെ ചവിട്ടിയാൽ തൊട്ടു തലയിൽ വക്കുക, മുതിർന്നവർക്ക് വേണ്ടി ബസിൽ സീറ്റ് ഒഴിഞ്ഞു കൊടുക്കുക... തുടങ്ങിയ നമ്മുടെ നാടൻ നിയമങ്ങളൊക്കെ ' ഡിജിറ്റൽ' ആയപ്പോൾ അപ്പനും അമ്മയും സംസ്കാരമില്ലാതവരായി, വല്യപ്പനും വല്യമ്മയും വൃദ്ധ സധനങ്ങളിലായി.!

നല്ല നാളേക്കായി എത്തിപ്പിടിക്കുക....

നമ്മുടെ നാട്ടിലെ 80% ആളുകളും ആധുനികതയുടെ ഈ മാറ്റങ്ങളെക്കുറിച്ച് അജ്ഞരാണ് എന്നതാണ് സത്യം. 100 % സാക്ഷരത നേടിയ മലയാളിക്ക് പക്ഷെ അറിവിൻറെയും അശ്ലീലതയുടെയും അനന്ത സാധ്യതകളുടെ ' ഇൻറർനെറ്റ്' ഒരു ബാലികേറാ മലയാണ്. പുതു തലമുറയെ വഴികാട്ടുവാൻ നാം ഈ മല കേറിയേ മതിയാവൂ. പണ്ട് കാലത്ത് നമ്മൾ അവരുടെ അജ്ഞതയിലേക്ക് " ഇറങ്ങി" ചെന്നു എങ്കിൽ ഇപ്പോൾ നമ്മൾ അവരുടെ അറിവിനോളം എങ്കിലും "കയറി" പ്പോകേണ്ടതുണ്ട്. പിന്നിലായിപ്പോകാൻ പിന്നോട്ട് നടക്കണമെന്നില്ലാ; നിൽക്കുന്നിടത്ത് തന്നെ നിന്നാലും പുറകിലുള്ളവർ മുന്നിൽ കയറിപ്പോകും....

ജോയ്സ് സഖറിയാസ്





# ഗോൾഡ് ഫിഷ്

പഴുത്തിലകളുടെ വിടവിലൂടെ നോക്കുമ്പോൾ അവൾക്ക് തെല്ലും ഏകാന്തത തോന്നിയില്ല. ടാറിംഗ് റോഡിലൂടെ നടക്കുമ്പോൾ ഇലകൾ അവളെ തലോടിപിന്നെയും പിന്നെയും ഒരായിരം കുന്തങ്ങളായി പഴയ ഒർമകൾ അവളെ നോവിച്ചുക്കൊണ്ടിരുന്നു.എട്ട് വർഷം മുമ്പാണ് അവൾ ഇങ്ങനെയായത്. ഒരു കാറപകടത്തിൽ പാലൂട്ടി വളർത്തിയ അമ്മയും വാത്സല്യത്താൽ വളർത്തിയ അച്ഛനും തണലായി കൂട്ടായി നടന്നിരുന്ന അനുജത്തിയും അവൾക്ക് നഷ്ടമായി.അപകടത്തിൽ അവൾക്ക് കാലിനു ചെറിയൊരു പരിക്ക് പറ്റിയിരുന്നു. അവൾ ഇപ്പോൾ ഹോസ്റ്റലിലാണ്.വാർഡന്റെ ശകാര വാക്കുകളും സഹപാഠികളുടെ കളിയാക്കലുകളും കേൾക്കുമ്പോൾ അവൾക്ക് വല്ലാതെ സങ്കടം വരും. കണ്ണീർക്കണങ്ങൾ ധാര ധാരയായി അവളുടെ മൃദുവായ കവിളിലൂടെ ഒഴുകി. പക്ഷേ പെട്ടന്നു തന്നെ അവൾ ആശ്വസിച്ചു. അതിനുള്ള ശക്തി ആർജ്ജിച്ചെടുത്തിരുന്നു. കാരണം അവൾക്ക് തണലായി അവളെ അറിയാവുന്ന ഒരു കൂട്ടുകാരിയുണ്ടായിരുന്നു. ശാരി അവൾക്ക് അച്ഛനും അമ്മയുമെല്ലാമുണ്ട്.

അവൾ ഇടയ്ക്ക് വീട്ടിൽ പോകുമ്പോൾ പലഹാരങ്ങളും മിഠായികളുമെല്ലാം അവൾക്ക് കൊണ്ടുകൊടുക്കും. അവൾ വേഗം നടന്നു പെട്ടന്നു തന്നെ സ്കൂളിൽ എത്തി ചേർന്നു. പ്രാർത്ഥന കഴിഞ്ഞു രണ്ടാമത്തെ ബെഞ്ചിൽ ഒന്നാമതായിട്ടാമ് അവൾ ഇരിക്കുന്നത്. ശാരി പക്ഷേ വീട്ടിൽ പോയിരിക്കുകയാണ് . തികച്ചും ഏകാന്തത ഇടവേളയ്ക്ക് വിട്ടപ്പോൾ ആൽമരത്തിന്റെ ചോട്ടിൽ അവൾ പോയിരുന്നു.ശാരിയെക്കുറിചോർത്തു.മണിമുഴങ്ങി അവൾ ക്ലാസ്സിൽക്കയറി. അവളും ശാരിയും ഒരു മുറിയിൽ ഒരുമിച്ചാണ് .അവരുടെ മുറിയിൽഒരു ചില്ലു പാത്രത്തിൽ രണ്ടു ഗോൾഡൻ ഫിഷുണ്ട്. അതിനെ അവർ ഒമനിച്ചിരുന്നു. ക്ലാസ്സുകഴിഞ്ഞ അവൾ വേഗം നടന്നു. എങ്ങനെയെങ്കിലും മുറിയിലെത്തണം എന്ന് മാത്രമേ അവൾക്കുണ്ടായിരുന്നുള്ളു. ശാരി വരും അതിനാലാണ് അവൾ വേഗം നടന്നത്. പുകിൽ നിന്നും ഒരു വണ്ടി വന്നുവെന്നതെ സാക്ഷികൾ കണ്ടെുള്ളൂ. ആ വണ്ടിയുടെ ചില്ലുകളിൽ ചോരക്കറ പുരണ്ടിരുന്നു. അപ്പോഴെക്കും ചില്ലുപാത്രത്തിലെ ഒരു ഗോൾ ഫിഷ് ചത്തിരുന്നു...........

സ്റ്റെഫിയ ജോസഫ് 8 ബി

# കവിത- ഇംഗ്ലീഷ്

## The Tasty And Soothing Lemon Candy

**Whose Lemon Candy is that? I think I know.**
**Its owner is quite happy though.**
**Full of joy like a vivid rainbow,**
**I watch her laugh. I cry hello.**

**She gives her Lemon Candy a shake,**
**And laughs until her belly aches.**
**The only other sound's the break,**
**Of distant waves and birds awake.**



**The Lemon Candy is Tasty, Soothing and deep,**
**But she has promises to keep,**
**After cake and lots of sleep.**
**Sweet dreams come to her cheap.**

**She rises from her gentle bed,**
**With thoughts of kittens in her head,**
**She eats her jam with lots of bread.**
**Ready for the day ahead.**

**Aswathi Dileep 9 B**

## Ode to the Chocolate



My light Chocolate, you inspire me to write.
How I love the way you look, sound and smell,
Invading my mind day and through the night,
Always dreaming about the big carmel.

Let me compare you to a playful spoon?
You are more shiny, superb and awesome.
Right sun heats the blighted peaches of June,
And summertime has the common opossum.
How do I love you? Let me count the ways.
I love your great Perfect, Smooth and perfect.
Thinking of your slighted Smooth fills my days.
My love for you is the briny addict.

Now I must away with a piney heart,
Remember my wild words whilst we're apart.

Abina Mary Binoy 9 B

# ജീവിതം

പുഴക്കരയിൽ ഇരിക്കുകയായിരുന്നു ഗോപു എന്ന 11 വയസ്സുക്കാരൻ.അവന്റെ വീട്ടിൽ അമ്മയും ഒരു കുഞ്ഞു പെങ്ങളും മാത്രമേയുള്ളു. അച്ഛനില്ലാത്ത കുട്ടിയാണ് ഗോപു. ദാരിദ്ര്യത്തിന്റെ വിശപ്പറിഞ്ഞ കുടുംബമാണ് അവന്റേത്. ഒന്നെഴുന്നെക്കുവാൻ പോലും കഴിയാത്ത,സംസാരശേഷി നഷ്ടപ്പെട്ട ഒരു അനിയത്തിയാണ് അവനുള്ളത്. അമ്മ വീട്ടുജോലിക്കുപോകുന്ന വീട്ടിലെ ആണങ്ങൾ അപമരിയാതയായി പെരുമാറിയതിനാൽ അമ്മ ജോലിക്ക് പോകുന്നില്ല. അതുകൊണ്ട് വീട്ടിന്റെ ചുമതല അവന്റെ മേലാണ്. ഒരുനാൾ അവന് ഒരു ചായക്കടയിൽ ജോലി കിട്ടി. പക്ഷെ അവന്റെ അവിടുത്തെ ജോലി മറ്റുള്ളവർ കഴിച്ച എച്ചിൽ പാത്രം കഴുകുക എന്നതാണ്. എന്ത് ജോലിയാണെങ്കിലും വേണ്ടില്ല അവന് അവന്റെ അമ്മയേയും അനിയത്തിയേയും ഓർത്ത് അവൻ സന്തോഷത്തോടെ ആ ജോലി സ്വീകരിച്ചു. ആ തുച്ഛമായ കാശു കൊണ്ടാണ് അവൻ അവന്റെ അനിയത്തിയുടെ മരുന്നു വാങ്ങിക്കുന്നതിനും ഭക്ഷണത്തിനും വേണ്ട സാധനങ്ങളും വാങ്ങിക്കുന്നത്. സ്കൂളിൽ പോകണമെന്ന് അവൻ അതിയായി ആഗ്രഹിച്ചിരുന്നു. അവന്റെ പ്രയത്തിലുള്ളക്കുട്ടികൾ സ്ക്കൂളിൽ പോകുന്നതു ക്കാണുമ്പോൾ അവൻ വല്ലാതെ വിഷമിച്ചിരുന്നു. കുറേ സമയം കഴിഞ്ഞ് അവൻ ചായക്കടയിൽ പോയി ജോലി ചെയ്തുകൊണ്ടിരികുമ്പോൾ തൊട്ടടുത്ത സ്ക്കൂളിലെ ഒരധ്യാപകൻ കയറിവന്നു. അവൻ ജോലി ചെയുന്നത് കണ്ടിട്ട് ആ‌അധ്യാപകൻ അവനോട് ചോദിച്ചു. “നീ എന്തിനാണ് ഇവിടെ നിന്ന് ജോലി ചെയുന്നത്.”അവന് ഒന്നും മിണ്ടാതെ അകത്തേക്ക് ഓടിപ്പോയി. അവൻ കരയുകയാണെന്ന് സാറിനു മനസ്സിലായി. അവനെ ആശ്വസിപ്പിക്കുവാനായി സാറും പിറകെ പോയി.സാറ് സ്നേഹത്തോടെ വീണ്ടും ചോദിച്ചു. അവൻ ആ സാറിന്റെ മുഖത്ത് കരുണയുടെ ഒരംശം കണ്ടു. അവൻ അവന്റെ ജീവിത പ്രശ്നങ്ങൾ സാറിനോട് പറഞ്ഞു.അവൻ പണ്ട് സ്ക്കൂളിൽ പോകുമ്പോൾ അവന്റെ വലതു കയ്യും പിടിച്ച് അവന്റെ കുഞ്ഞനിയത്തിയും കൂടെ പോകും.ഇക്കാര്യങ്ങളെല്ലാം അവൻ സാറിനോട് പറഞ്ഞു.സാറ് അവന് പുതിയ ബാഗും യൂണിഫോമും എല്ലാം വാങ്ങിക്കൊടുത്തു.സ്ക്കൂളിലെ ഉച്ച കഞ്ഞി പൊതിഞ്ഞകൊണ്ടുപോയി അനിയത്തിക്ക് കൊടുത്തിരുന്നു.അങ്ങനെ ഒരു ദിവസം പതിവു പോലെ അവൻ ചോറുമായി വീട്ടിൽ എത്തിയപ്പോൾ അവൻ കണ്ടത് മരിച്ചനിലയിൽ കിടക്കുന്ന സ്വന്തം അനുജത്തിയെയാണ്. ഗോപു അലറിക്കരഞ്ഞ് അനിയത്തിയെ മാറോട്ചേർത്ത് ഉമ്മ വെച്ചു.

-ഹിത നമ്പ്യാർ 9 എ



## യൂത്ത് പാർലമെന്റ്

പാർലമെന്ററികാര്യ വകുപ്പ് വിദ്യാർത്ഥികളിൽ ജനാധിപത്യ ബോധവും പാർല മെന്ററി നടപടിക്രമങ്ങളിൽ താൽപര്യവും അറിവും നേടുന്നതിനായി സ്കൂൾ - കോളേജ് തലങ്ങ ളിൽ നടത്തുന്ന ഒരു പരിപാടിയാണ് യൂത്ത് പാർലമെന്റ് മത്സരം. പങ്കെടുക്കുന്ന ടീമുകളുടെ സ്കൂളിൽവച്ചുതന്നെയായിരിക്കും ജില്ലാതല മത്സരങ്ങൾ നടത്തുക. പാർലമെന്ററി വകുപ്പ് നിശ്ച യിക്കുന്ന ജഡ്ജിമാരുടെ പാന ലിൽ നിന്നുള്ള ജഡ്ജസാണ് വിധിനിർണ്ണയം നടത്തുക. ജില്ലാതല മത്സരത്തിലെ വിജയികൾക്ക് സംസ്ഥാനതലമത്സരമുണ്ടായിരിക്കും. വിജയികൾക്ക്
പഴയ കേരളനിയമസഭാ മന്ദിരത്തിൽ യൂത്ത് പാർലമെന്റ് നടത്താൻ അവസരം നൽകും. കൂടാ തെ നിരവധി അവാർഡുകളും ലഭിക്കുന്നതാണ്.

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ നിന്ന് മത്സരത്തിൽ പങ്കെടുക്കുന്നതിന് നമ്മു ടെ സ്കൂളിന് അവസരം ലഭിച്ചിരിക്കുകയാണ്. പാർലമെന്റിലെ പത്ത് നടപടികളാണ് മത്സര ത്തൽ അവതരിപ്പിക്കുക. തൊണ്ണൂറ് മിനിട്ടാണ് അവതരണസമയം. പ്രസിഡൻഷ്യൽ അഡ്രസ്സ്, ചരമോപചാരം, സത്യപ്രതിജ്ഞ, ചോദ്യോത്തരവേള, പുതിയ മന്ത്രിമാരെ പരിചയപ്പെടുത്തൽ, അടിയന്തിരപ്രമേയം, പേപ്പഴ് സ് ടു ബി ലെയ്ഡ് ഓൺ ദ ടേബിൾ, ശ്രദ്ധക്ഷണിക്കൽ പ്രമേ യം എന്നിവയാണ് നമ്മൾ അവതരണത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്. അൻപത്തിരണ്ട് വിദ്യാർത്ഥികളാണ് മത്സരത്തിൽ പങ്കെടുക്കുന്നത്.ഇതിന്റെ സ്കൂൾ തല കോഡിനേറ്ററായി പ്രവ ർത്തിക്കുന്നത് സോഷ്യൽ സയൻസ് ആധ്യാപകൻ ശ്രീ. ടോമി മാത്യു ആണ്.കുട്ടികൾ മത്സരത്തിനുള്ള തിരക്കുപിടിച്ച ഒരുക്കത്തിലാണ്. ജനുവരി 30 ആണ് സ്കൂളിന് അനുവദിച്ചിരിക്കുന്ന ദിനം. തീർച്ചയായും കുട്ടികളിൽ പാർലമെന്ററി നടപടിക്രമങ്ങളെ ക്കുറിച്ചറിയുന്നതിനും ജനാധിപത്യബോധം വളരുന്നതിനും ഇത് ഉതകുമെന്ന കാര്യത്തിൽ സംശയമില്ല.

**ടോമി മാത്യു**
**സാമൂഹ്യശാസ്ത്ര അധ്യാപകന്**



## പ്രവേശനോത്സവം- വിജയോത്സവം


1.6.2018 ന്-നെല്ലിക്കുറ്റിസെൻ്റ്.അഗസ്റ്റിൻസ്ഹൈസ്കൂളിൽപ്രവേശനോത്സവവും വിജയോത്സവവും നടത്തി. 2017-18 അധ്യയനവർഷത്തിലെ 10-ാം ക്ലാസിൽ 10A+ ലഭിച്ചവരെ ആദരിക്കുകയും 8-ാംക്ലാസിലേക്ക്പ്രവേശനംനേടിയവരെ പുതിയഅധ്യയന വർഷത്തിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു.




1.ആൻമരിയ സെബാസ്റ്റ്യൻ
2.ആൽഫി ടോമി
3.അജനമോൾ എം. കെ
4.അഞ്ജലി എലിസബത്ത് ജോർജ്ജ്
5.അലീന അനിൽ
6.ഹെലൻ ആൻ്റണി
7.സെലി സെബാസ്റ്റ്യൻ
8.അഗസ് എഡ് വിൻ ജോസ്
9.നിധിൻ ജോർജ്ജ്
10.ജോർജ്ജ് ജോസ്

എന്നീ- 10 പേർക്ക് 10A+ ലഭിച്ചു. ഇവർക്ക് Momento യും Cash award ഉം വിതരണം ചെയ്തു.8-ാം ക്ലാസ്സിൽ പ്രവേശനം ലഭിച്ചവരെ പൂക്കൾ നൽകി സ്വാഗതം ചെയ്തു. കുട്ടികൾക്ക് മധുര പലഹാരങ്ങൾ നൽകുകയും ചെയ്തു.

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്



സെൻ്റ് അഗസ്റ്റ്യൻസ് ഹൈസ്കൂളിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൻ്റെ പ്രവർത്തനത്തിന് നളിനാക്ഷൻ സാർ ആരംഭം കുറിച്ചു.ജൂലൈ 24-ന്സെൻ്റ് അഗസ്റ്റ്യൻസ് ഹൈസ്കൂളിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൻ്റെ കൈറ്റ്മാസ്റ്ററായി ജോയിസ് സാറും കൈറ്റ് മിസ്ട്രസ് ആയി മജി ടീച്ചറും ചാർജെടുത്തു.ഈ യൂണിറ്റിൽ 13 പെൺകുട്ടികളും 15 ആൺകുട്ടികളും ഉണ്ട്.എല്ലാ ബുധനാഴ്ച്ചകളിലും വൈകിട്ട് 4 മുതൽ 5 വരെ ലിറ്റിൽ കൈറ്റ്സ് ക്ലാസുകൾ നടന്നുകൊണ്ടിരിക്കുന്നു.2018-19 അധ്യായനവർഷത്തിൽ ലിറ്റിൽ കൈറ്റിൻ്റെ ആഭിമുഖ്യത്തിൽ ഹൈടെക്ക് ക്ലാസ്റൂമുകൾ നല്ലരീതിയിൽ പ്രവർത്തിച്ചു വരുന്നു.

# ദുരിതാശ്വാസം

കേരളം, ഇന്നേവരെ കാണാത്ത ഒരു മഹാപ്രളയത്തെ നേരിട്ടു. നൂറ് കണക്കിന് ആളുകൾ മരണപ്പെട്ടു. നിരവധി സ്കൂളുകൾ ദുരിതാശ്വാസം ക്യാമ്പിനായി തുറന്നു. നിരവധി ആളുകൾക്ക് അവരുടെ വീടുകളും വസ്തുവകകളും നഷ്ടപ്പെട്ടു. കേരളത്തിലെ എല്ലാ ഡാമുകളും ഒന്നിച്ച് തുറന്നു. 20000 കോടിയിലേറെ രൂപയുടെ നഷ്ടമുണ്ടായി.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക്
നെല്ലിക്കുറ്റി സെന്റ് അഗസ്റ്റ്യൻസ് ഹൈ സ്കൂളിൽ നിന്നും ഫണ്ടായി 9437 കൊടുത്തു. ഈ മഹാപ്രളയം വരുത്തിയ നാശ നഷ്ടങ്ങൾ കേരളത്തിലെ മാനവവികസനത്തിൽ ഭംഗം വരുത്തി.യൂണിഫോമുകൾ,പാഠപുസ്തകങ്ങൾ,ഭക്ഷണവസ്തുകൾ -തുടങ്ങി നിരവധി വസ്തുകൾ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് നൽകി.

# ഹൈടെക് സ്ക്കുൾ പദ്ധതി ഉദ്ഘാടനം

നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്ക്കൂളിലെ നവീകരിച്ച ഹൈടെക്
ക്ലാസ്സ്മുറികളുടെയും ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെയും ഉദ്ഘാടനം ബഹു. കണ്ണൂർ എം. പി ശ്രീമതി . പി കെ ശ്രീമതി ടീച്ചർ നിർവ്വഹിച്ചു.






## കുരുന്നുസൃഷ്ടികൾ



Ashly Antony -10B



Archana R 8B

# ക്യാമറക്കണ്ണുകളിലൂടെ


















# നന്ദി......

കൈപിടിച്ച് നടത്തിയവർക്ക്...

കൂടെ നടന്നവർക്ക്......

കൈത്താങ്ങായവർക്ക്......

സർവ്വോപരി കരുണയുടെ കാവലായി കൂടെനിന്ന ജഗന്നിയന്താവിന്...

